**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** **13-02-2025 - ൽ മറുപടിയ്ക്ക്**

**നിയമലംഘനം നടത്തുന്ന ഇരുചക്രവാഹന ഉടമകൾക്കെതിരെ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം</td><td colspan="2">ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മോട്ടോർ വാഹന നിയമം ലംഘിച്ച് സൈലൻസർ, നമ്പർ പ്ലേറ്റ്, മഡ്ഗാർഡ്, ഇൻഡിക്കേറ്ററുകൾ തുടങ്ങിയവയിൽ രൂപമാറ്റം വരുത്തി ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(എ)</td><td>കണ്ടെത്തിയിട്ടുണ്ട്. മോട്ടോർ വാഹന നിയമം സെക്ഷൻ 182 A(4) പ്രകാരം മോട്ടോർ വാഹന നിയമം ലംഘിച്ച് രൂപമാറ്റം വരുത്തി വാഹനങ്ങൾ ഓടിക്കുന്നതായി കണ്ടെത്തിയ കേസുകളിൽ 5000/- രൂപ പിഴ ഈടാക്കുകയും ചെയ്യുന്നു.<br><table><tr><td colspan="2">2024 കലണ്ടർ വർഷത്തിൽ ഇരുചക്ര വാഹനങ്ങളിൽ അമിത വേഗതയുടെ പേരിലു അഭ്യാസ പ്രകടനങ്ങൾ നടത്തിയതിന്റെ പേരിലും രൂപമാറ്റം നടത്തിയതിന്റെ പേരിലു നൽകിയിട്ടുള്ള ചെല്ലാനുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.</td></tr><tr><td>മഡ്ഗാർഡ് രൂപമാറ്റം</td><td>4173</td></tr><tr><td>ഇൻഡിക്കേറ്റർ രൂപമാറ്റം</td><td>932</td></tr><tr><td>സൈലൻസർ രൂപമാറ്റം</td><td>8355</td></tr><tr><td>നമ്പർ പ്ലേറ്റ് രൂപമാറ്റം</td><td>8983</td></tr><tr><td>അമിതവേഗത</td><td>290</td></tr></table><br>കൂടാതെ, 418 ലൈസൻസുകൾ സസ്പെന്റ് ചെയ്യുകയും 9 വാഹനങ്ങളുടെ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>അമിത ശബ്ദത്തോടെയും അമിത വേഗതയിലും ഓടിക്കുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;</td><td>(ബി)</td><td>അമിത ശബ്ദത്തോടെയും അമിത വേഗതയിലും വാഹനമോടിക്കുകയും അഭ്യാസ പ്രകടനങ്ങൾ നടത്തുകയും ചെയ്ത വാഹനങ്ങൾക്കെതിരെ പൊതുജന സുരക്ഷ മുൻനിർത്തി കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം അഭ്യാസ പ്രകടനങ്ങൾ ഉൾപ്പെടുത്തി റീൽസ് ഉണ്ടാക്കി social media വഴി പ്രചരിപ്പിക്കുന്നവരെ കണ്ടെത്തുന്നതിനായി പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | നിയമലംഘനങ്ങൾ നടത്തുന്ന ഇരുചക്ര വാഹന ഉടമകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പൊതു നിരത്തുകളിൽ ഇരുചക്ര വാഹനങ്ങളുടെ നിയമലംഘനം കണ്ടെത്തുന്നതിലേക്കായി കർശന പരിശോധനകളും പ്രത്യേക എൻഫോഴ്സ്മെന്റ് ഡ്രൈവുകളും നടത്തുന്നുണ്ട്. പൊതുനിരത്തുകളിൽ റോഡ് സുരക്ഷയ്ക്ക് ഭീഷണിയായും ശബ്ദ-പുക മലിനീകരണം നടത്തിയും വാഹനമോടിക്കുന്ന ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളുടെ ഉപയോക്താക്കൾക്ക് മോട്ടോർ വാഹന നിയമം സെക്ഷൻ 190(2) പ്രകാരം ആദ്യ നിയമലംഘനത്തിനു 2000/- രൂപ പിഴയും തുടർന്നുള്ള ഓരോ നിയമലംഘനങ്ങൾക്കും 10000/- രൂപ വീതം പിഴയും ചുമത്തുന്നതാണ്.<br><br>മോട്ടോർ വാഹന നിയമം സെക്ഷൻ 189 പ്രകാരം അമിത വേഗതയ്ക്കും പൊതു റോഡുകളിൽ അഭ്യാസ പ്രകടനം നടത്തുന്ന ഇരുചക്രവാഹനങ്ങൾ ഉൾപ്പെടയുള്ള എല്ലാ വാഹനങ്ങളുടെ ഉപയോക്താക്കൾക്കെതിരെയും നടപടികൾ സ്വീകരിക്കുന്നു. ഇത്തരം നിയമലംഘനങ്ങൾ നടത്തുന്നവർക്ക് ആദ്യ നിയമലംഘനത്തിനു 5000/- രൂപയും തുടർന്നുള്ള ഓരോ നിയമലംഘനങ്ങൾക്കും 10000/- രൂപയും പിഴ ചുമത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ